# കുട്ടികൾക്കായുള്ള ബൈബിൾ

## അവതരണം

# യേശുവും സക്കായിയും




എഴുതിയത് : Edward Hughes
ഉദാഹരണം : Janie Forest
അംഗികരിച്ചത് : Rev. Benny
തർജ്ജിമ ചെയുതത് : Ruth Klassen


കഥ 53-60 നിന്നും


**www.M1914.org**

***Bible for Children,*** *PO Box 3, Winnipeg, MB R3C 2G1 Canada*



കോപ്പിചെയുവാനം മുദ്രണം ചെയുവാനം അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.


മലയാളം

Malayalam



ഒരു ദിവസം യേശു യെരീഹോവിലൂടെ കടന്നുപോയി. യോശുവ ഈ പട്ടണം വളരെക്കാലം മുമ്പ് നശിപ്പിച്ചതായിരുന്നു. ഇപ്പോഴത് വീണ്ടും പണിത് അനേകമാളുകൾ അതിൽ താമസിക്കുന്നുണ്ട്. അതിലൊരുവന്റെ പേരാണ് സക്കായി.

1



യെരീഹോവിലുള്ളവർക്ക് മിക്കവാറും സക്കായിയെ ഇഷ്ടമായിരുന്നില്ല, എന്തുകൊണ്ടെന്നാൽ അവൻ അവരിൽനിന്ന് നികുതി (ചുങ്കം) പിരിച്ചിരുന്നു. പിരിച്ചെടുക്കുന്നതിൽ കുറെ പണം സക്കായി സർക്കാരിന് അയച്ചുകൊടുക്കും അതിലേറെ തനിക്കുവേണ്ടി സൂക്ഷിച്ചുവെക്കും.

2


ചുങ്കക്കാരനായിരുന്ന സക്കായി മഹാധനികനായിരുന്നു. അവിടത്തെ ബ്ലോക്കിലെ ഏറ്റവും വലിയതും നല്ലതുമായ വീട് അയാളുടേതായിരുന്നിരിക്കണം.
3


എന്നാൽ അയാൾക്ക് ഉയരം കുറവായിരുന്നു. പണം കുറവായിരുന്നില്ല പക്ഷേ, ഉയരം കുറവായിരുന്നു. മറ്റുള്ളവരെപ്പോലെ സക്കായിക്ക് നീളം വെച്ചില്ല.
4


യേശു യെരീഹോവിലുണ്ടെന്ന് സക്കായി കേട്ടു.
ദൈവത്തിന്റെ പുത്രനെന്ന് അവകാശപ്പെട്ട ഈ നസ്രേത്തുകാരനെ കാണുവാൻ കുറിയവനായ ഈ ചുങ്കക്കാരൻ ആഗ്രഹിച്ചു. പക്ഷേ, വലിയ ജനത്തിരക്കായിരുന്നു ... ആളുകൾക്കെല്ലാം വലിയ ഉയരവും.
5


സക്കായിക്ക് ഒരു ആശയം ഉദിച്ചു! ജനക്കൂട്ടത്തിന് മുമ്പോട്ട് ഓടുക... റോഡരികിലുള്ള ഒരു മരത്തിന്മേൽ കയറുക... അവന് യേശുവിനെ കാണാൻ കഴിയും.
6


സക്കായി ഒരു കാട്ടത്തിമേൽ കയറി. അതിന്റെ ശിഖരങ്ങളുടെ ഒരു കവരത്തിന്മേൽ ഇരുപ്പുറപ്പിച്ചിട്ട് യേശു വരുന്നത് നോക്കി. “ഇവിടിരുന്നാൽ നന്നായി കാണാം,” അവൻ ചിന്തിച്ചുകാണും. “അവനെന്നെ കാണാതെ എനിക്കവനെ കാണാം.”
7


“സക്കായിയേ, വേഗം ഇറങ്ങിവാ.” കുറിയവനായ ഈ ചുങ്കക്കാരന് തന്റെ കാതുകളെ വിശ്വസിക്കാനായില്ല. യേശു മരത്തിന്റെ ചുവട്ടിൽ നിന്നു. യേശു അവനെ നോക്കി. യേശു അവനെ വിളിച്ചു!
8













യേശുവും സക്കായിയും

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

ലൂക്കൊസ് 19

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കീർത്തനം 119:130

നാം തെറ്റുകരെന്ന ദൈവം അറിയുന്ന അതിന് പാപമെന്ന പറയുന്നു.
പാപത്തിനുള്ള ശിക്ഷയാണ് മരണം.

ദൈവം നമ്മെ സ്നേഹിച്ച അതിനാൽ തന്റെ മകനായ യേശുവിനെ നമ്മുടെ
പാപങ്ങളുടെ പരിഹാരത്തിനായി ക്രൂശിൽ മരിക്കണ്ടതിന ഈ
ലോകത്തിലേക്ക് വന്ന യേശു മരിച്ച് ഉയിർത്തെഴുന്നേറ്റ സ്വർഗ്ഗത്തിലേക്ക്
പോയി. ദൈവത്തിന നമ്മുടെ പാപങ്ങളെ ക്ഷമിപ്പാൻ കഴിയും.

നമ്മുടെ പാപങ്ങള്ളിൽ നിന്ന് വിട്ടുതൽ ആവശ്യമെങ്കിൽ ദൈവത്തോട്
ഇപ്രകാരം പറയുക. പ്രിയ ദൈവമേ യേശുവേ എനിക്ക് വേണ്ടി മരിച്ച
ഇപ്പോൾ ജീവിക്കുന്ന എന്ന് ഞാൻ
വിശ്വസിക്കുന്നു. എന്റെ ഹൃദയത്തിലേക്ക് വന്ന് എന്റെ പാപങ്ങളെ
ക്ഷമിക്കേണം. എനിക്ക് പുതിയൊരു ജീവിതം നൽകേണമേ നിരന്തരം
നിന്നോട് അടുത്ത് ജീവിക്കുവാനും നിന്റെ മകനായി ജീവിക്കുവാൻ
സഹായിക്കേണമേ. ആമേൻ
യോഹന്നാൻ 3:16

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും
ചെയ്യുക.